LIBRARY ARCHIVES Kerala Legislative Assembly

കൊച്ചിയിൽ ട്രേഡ് സെന്റർ

17 (*677) ശ്രീ. എം. എം. മോനായി :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും ഹാക്കും ചേർന്ന് കൊച്ചിയിൽ ആരംഭിക്കുന്ന ട്രേഡ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ട്രേഡ് സെന്റർ പദ്ധതിയുടെ വിശദാംശം നൽകുമോ ; ഇവിടെ ഏതെല്ലാം പ്രോജക്റ്റുകളാണ് വിഭാവനം ചെയ്തിരിക്കുന്നത് ;

(സി) പദ്ധതിക്ക് മൊത്തം എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഡി) പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) സാധ്യതാ പഠന റിപ്പോർട്ട് പൂർത്തീകരിച്ച് ഡെവലപ്പറെ സെലക്ട് ചെയ്തശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) കൊച്ചിയിൽ വ്യാപാരാവശ്യത്തിലുള്ള ഒരു ട്രേഡ് & കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിന് കെ.എസ്.ഐ.ഡി.സി-യും ഹാക്കും ചേർന്ന് ധാരണാ പത്രത്തിൽ ഒപ്പിട്ടിട്ടുണ്ട്. പദ്ധതിയുടെ വിശദമായ സാധ്യതാ റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ കെ.എസ്.ഐ.ഡി.സി. സ്വീകരിച്ചു വരുന്നു. ടി. പദ്ധതിയിൽ എക്സിബിഷൻ ഹാളുകൾ, കൺവെൻഷൻ കോംപ്ലക്സ്, ഹോട്ടൽ, കൊമേഴ്സ്യൽ ഏരിയ, മിനി ഹാളുകൾ അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

(സി) പദ്ധതിയുടെ സാധ്യതാ റിപ്പോർട്ട് പൂർത്തീകരിച്ചാൽ മാത്രമേ പദ്ധതിച്ചെലവ് സംബന്ധിച്ച് വ്യക്തത കൈവരികയുള്ളൂ.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

അടിയന്തരമായി പുനരുദ്ധരിക്കേണ്ട ജലസ്രോതസ്സുകൾ

18 (*678) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എൻ. രാജൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടിയന്തരമായി പുനരുദ്ധരിക്കേണ്ട ജല സ്രോതസ്സുകളുണ്ടോ ; ഉണ്ടെങ്കിൽ ഓരോ ജില്ലയിലും എത്ര വീതമെന്ന് വ്യക്തമാക്കുമോ ;